**ക്രമപ്രശ്നം**

(1) <u>നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നൽകാത്തത് സംബന്ധിച്ച്</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നിയമസഭയിൽ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടി ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലഭിക്കണമെന്നുള്ളതുകൊണ്ടാണ് ഞാനിവിടെ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ഓരോ അംഗങ്ങളും ചോദിക്കുന്ന ചോദ്യങ്ങൾ ആ സന്ദർഭത്തിൽ പ്രസക്തമായ വിഷയങ്ങളായതിനാൽ അതിന്റെ മറുപടി ലഭിക്കേണ്ടത് അപ്പോഴാണ്; അല്ലാതെ മാസങ്ങൾക്കോ വർഷങ്ങൾക്കോ ശേഷമല്ല. നിയമസഭയിൽ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾവഴി ഗവൺമെന്റിന്റെ ന്യൂനതകൾ ചൂണ്ടിക്കാട്ടാനും കുറവുകളുണ്ടെങ്കിൽ തിരുത്താനും ഉറപ്പുകൾ വാങ്ങാനുമൊക്കെയാണ് ഉപയോഗിക്കുന്നത്. ഒരു എക്സിക്യൂട്ടീവിന്മേലുള്ള നിയമസഭയുടെ നിയന്ത്രണത്തിന്റെ പ്രധാന ഉപാധികളിലൊന്ന് നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങളും അതിന് ലഭിക്കുന്ന മറുപടികളുമാണ്. നിയമസഭയോടുള്ള എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്തം അറിയിക്കുന്നതാണ് യഥാസമയത്ത് മറുപടി നൽകുക എന്നുള്ളത്. ഇവിടെ ഞാൻ അങ്ങേയ്ക്ക് എഴുതി നൽകിയിട്ടുണ്ട്, ഏറ്റവും

പ്രധാനമായി ഞാൻ ഇവിടെ ചൂണ്ടിക്കാട്ടുന്നത്, 13-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിൽ 2014 ഡിസംബർ മാസത്തിൽ നൽകിയ ചോദ്യത്തിനുള്ള മറുപടി ഏഴുവർഷങ്ങൾക്കുശേഷം ഈ കഴിഞ്ഞ 22-ാം തീയതിയാണ് സഭയിൽ ലഭിക്കുന്നത്. അതോടൊപ്പം, പതിനാലാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 2016 ഒക്ടോബർ മാസം നൽകിയ ചോദ്യം നമ്പർ 5336-നും കഴിഞ്ഞ നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ ചോദ്യത്തിനും ഇപ്പോഴാണ് മറുപടി ലഭിച്ചിരിക്കുന്നത്. പതിമൂന്നാം നിയമസഭയുടെ 12-ാം സമ്മേളനത്തിലുള്ള മറുപടിയും 14-ാം നിയമസഭയുടെ രണ്ടാം സമ്മേളനം മുതൽ ഏറ്റവുമൊടുവിൽ 22-ാം സമ്മേളനം വരെയുള്ള വിവിധ ചോദ്യങ്ങളുടെ മറുപടിയും ഈ നിയമസഭയുടെ കഴിഞ്ഞ ഒന്നാം സമ്മേളനത്തിന്റെ ഏകദേശം ഏഴെട്ട് ചോദ്യങ്ങളുടെ മറുപടിയുമാണ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഇതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം ചോദ്യങ്ങൾ ചോദിച്ചാൽ അതിന് സമയബന്ധിതമായി മറുപടി കിട്ടും. ഇല്ലെങ്കിൽ ഈ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടിയുണ്ടാകും. ഇവിടെ അതുണ്ടാകുന്നില്ല എന്നുള്ളതാണ്. ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിനെ ഗൗരവത്തിലെടുത്ത്

മുന്നോട്ടുപോകാൻ കഴിയണം. 1997-നുശേഷം നിയമസഭയിൽ ഒരംഗത്തിന് ചോദിക്കാവുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് എണ്ണം നിശ്ചയിച്ചിട്ടുണ്ട്. 15 ദിവസം അധികം നൽകി. ഇതെല്ലാം മറുപടി കൃത്യമായി കിട്ടാൻ വേണ്ടിയാണ്. ഇ-നിയമസഭയാണ്, വിവരാവകാശ കാലഘട്ടമാണ്, സാങ്കേതികവിദ്യ ഒരുപാട് മുന്നേറി; എന്നിട്ടും നിയമസഭയിൽ ലഭിക്കേണ്ട മറുപടികൾ അനന്തമായി നീണ്ടുപോകുകയാണ്. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് എതിരഭിപ്രായമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് നിർബന്ധമായും ഇക്കാര്യത്തിൽ ഒരു വ്യക്തത കൈവരേണ്ടത് അനിവാര്യമാണ് എന്നതാണ് എനിക്ക് ഈ വിഷയത്തിൽ സൂചിപ്പിക്കാനുള്ളത്. എന്തായാലും വീണ്ടും ചോദ്യങ്ങൾക്കുള്ള മറുപടി നീണ്ടുപോകുന്ന സാഹചര്യമുണ്ടെങ്കിൽ അതിനെ കൂടുതൽ ഗൗരവമായി കാണണം. അനവധി റൂളിംഗുകൾ ഉണ്ടായിട്ടും ഇതേ രീതിതന്നെ ആവർത്തിക്കുന്നുവെന്നുണ്ടെങ്കിൽ ആയത് മന:പ്പൂർവ്വം താമസിപ്പിക്കുന്നത് ഉദ്യോഗസ്ഥതലത്തിലാണോ എന്ന് കണ്ടെത്തി അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ കഴിയുമോ; അത്തരത്തിലുള്ള കാര്യങ്ങളിലേയ്ക്കും കൂടി കടക്കേണ്ടതായിട്ടുണ്ട് എന്നതാണ് എന്റെ അഭിപ്രായം. എന്തായാലും

ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47(1), 47(2) പ്രകാരം സമയബന്ധിതമായി ലഭിക്കേണ്ട നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി അപ്രകാരം ലഭിക്കാത്തതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ചൂണ്ടിക്കാണിച്ചത്. ഈ സഭയിലെ നല്ലൊരു പാർലമെന്റേറിയനായിരുന്ന അദ്ദേഹത്തിന്റെ പിതാവ് ടി. എം. ജേക്കബ് ഇത്തരം കാര്യങ്ങൾ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായാണ് ഇന്ന് ചോദ്യോത്തരത്തിന്റെ എണ്ണം നിയന്ത്രിച്ചുകൊണ്ട് ഗുണനിലവാരമുള്ളതാക്കി മാറ്റണമെന്നും ഭൂരിപക്ഷം ചോദ്യങ്ങൾക്കും അതാത് സെഷനിൽതന്നെ മറുപടി പറഞ്ഞ് പോകണമെന്നും തീരുമാനിച്ചത്. പക്ഷേ പലപ്പോഴും അത് കഴിയാതെ പോയിട്ടുണ്ട്. പലപ്പോഴും പ്രതിപക്ഷത്തിരുന്ന് ചോദിച്ച ചോദ്യങ്ങൾക്ക് മന്ത്രിയായതിനുശേഷം മറുപടി പറഞ്ഞ അവസരംപോലും സഭയിൽ

ഉണ്ടായിട്ടുണ്ട്. അത് കുറച്ചുകൊണ്ടുവരാൻ നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വിവരാവകാശനിയമം അനുസരിച്ച് മറുപടി ലഭിക്കുകയും, നിയമസഭാംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി കൃത്യസമയത്ത് കിട്ടാതിരിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകാൻ പാടില്ലെന്ന് തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കൃത്യസമയത്ത് മറുപടികൾ നിയമസഭാ സെക്രട്ടേറിയേറ്റിൽ ലഭ്യമാക്കാൻ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. എല്ലാ വകുപ്പുകളും ഇത് ശ്രദ്ധിക്കാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നൽകേണ്ട മറുപടികൾ കൃത്യമായി നൽകാൻ ഓരോ മന്ത്രിമാരും ബാധ്യസ്ഥരാണ്. മന്ത്രിമാരുടെ ശ്രദ്ധയിലും ഇക്കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ചട്ടം നിഷ്കർഷിക്കുന്ന കാര്യങ്ങളിൽ പ്രത്യേകമായ ഊന്നൽ നൽകാൻ കഴിയണം. ചട്ടം വെറുതെ എഴുതിവച്ചാൽ പോരാ, അതനുസരിച്ച് നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ചട്ടം 47(1), 47(2) അനുസരിച്ച് നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി അതാത് സെഷനിൽ പരമാവധി നൽകാൻ വേണ്ട ശ്രമം തുടർന്നും ഉണ്ടാകുമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം

ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമായ കാര്യമാണെന്ന് ഒന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

## (2) ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിലെ വൈരുദ്ധ്യം

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവരും ഇതേ വിഷയത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ വിഷയം അവതരിപ്പിക്കാൻ ക്ഷണിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇന്നലെ റൂൾ 300 പ്രകാരം സ്റ്റേറ്റ്മെന്റ് ഇവിടെ നടത്തിയിരുന്നു. വളരെ സ്വാഗതാർഹമായ കാര്യങ്ങളാണ് റൂൾ 300 സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ റൂൾ 300 സ്റ്റേറ്റ്മെന്റിൽ പറഞ്ഞതിന് വിരുദ്ധമായ ഉത്തരവാണ് Disaster Management Department ഇന്നലെ പുറത്തിറക്കിയത്. നിയമസഭയിൽ ഒരു മന്ത്രി പറയുന്ന സ്റ്റേറ്റ്മെന്റിന് വിരുദ്ധമായ കാര്യങ്ങൾ ഒരു കാരണവശാലും സർക്കാർ ഉത്തരവിൽ വരാൻ പാടില്ല. റൂൾ 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിലെ അവസാന പേജിലെ ആദ്യത്തെ പാരഗ്രാഫ് തുടങ്ങുന്നത് ഇങ്ങനെയാണ്: "കടകൾ

സന്ദർശിക്കുന്നവർ ആദ്യ ഡോസ് വാക്സിനേഷനെങ്കിലും എടുത്തവരോ 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. നെഗറ്റീവ് ഫലം ലഭിച്ചവരോ ഒരു മാസത്തിനുള്ളിൽ കോവിഡ് ബാധിച്ച് രോഗമുക്തി നേടിയവരോ ആകുന്നതായിരിക്കും അഭികാമ്യം." ഇത് ശ്രദ്ധിക്കണമെന്ന് പറയാൻ വേണ്ടിയുള്ള പ്രൊപ്പോസലാണ്. അത് ബഹുമാനപ്പെട്ട മന്ത്രി റൂൾ 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ കൊണ്ടുവന്നതിൽ ഒരു തെറ്റുമില്ല. പക്ഷേ ഉത്തരവിറക്കി കഴിഞ്ഞപ്പോൾ "only persons" കർശനമായി പറയുകയാണ്, mandatory ആകുകയാണ്. മറ്റേത് ഒരു പ്രൊപ്പോസലാണ്. "Only persons who have taken at least one dose of COVID-19 vaccine before two weeks, or who are in possession of RT-PCR negative certificate taken 72 hours before or who is in possession of COVID-19 positive results more than a month old will be allowed inside (workers/visitors) in shops, markets, banks, public and private offices, financial institutions, factories, industrial establishments, open tourist spaces and other establishments." സംസ്ഥാനത്ത് 42.14 ശതമാനം പേരാണ് ഫസ്റ്റ് ഡോസ് വാക്സിൻ എടുത്തിരിക്കുന്നത്. സെക്കന്റ് ഡോസ് വാക്സിൻ

എടുത്തിരിക്കുന്നത് 62 ലക്ഷം പേർമാത്രമാണ്. വളരെ കുറച്ച് ആളുകൾക്കുമാത്രമെ കടയിൽ കയറാൻ പറ്റുകയുള്ളൂ. മാത്രമല്ല കടയിൽ കയറണമെങ്കിൽ വാക്സിനേഷൻ എടുത്ത സർട്ടിഫിക്കറ്റ് കൊണ്ടുപോകാൻ പറ്റുമോ, 72 മണിക്കൂറിനുമുമ്പുള്ള ആർ.ടി.പി.സി.ആർ. സർട്ടിഫിക്കറ്റുമായി പോകാൻ പറ്റുമോ, വളരെ അപ്രായോഗിക നിർദ്ദേശങ്ങളാണ് ഇതിൽ വന്നിരിക്കുന്നത്. അടുത്തൊരു പോയിന്റ് ഇതിനെക്കാൾ രസകരമാണ്. "All persons (whether belonging to the categories mentioned in point (iv) or not) can move out of home for essential activities like vaccination, COVID-19 testing, medical emergency, purchase of medicine, death of relatives, marriage of close relatives, local travel to catch long route bus/train/flight/ship, examination etc." ഇത്രയും കാര്യങ്ങൾക്ക് മാത്രമെ ഒരാൾക്ക് പുറത്തിറങ്ങാൻ പാടുള്ളൂ. ഇതിൽ ആദ്യം പറഞ്ഞിരിക്കുന്ന നാലുകാര്യങ്ങൾ വാക്സിനേഷൻ ഉൾപ്പെടെ മെഡിക്കൽ പർപ്പസിനുവേണ്ടിയാണ്. അതിനുശേഷം ട്രെയിനിലും പ്ലെയിനിലും യാത്ര ചെയ്യുന്നതിനും കല്യാണത്തിൽ പങ്കെടുക്കാനും വേണ്ടിയാണ്. ആളുകൾക്ക് ഇത്രയും കാര്യങ്ങൾക്കുമാത്രം പുറത്തുപോയാൽ മതിയോ; ആരാണ് ഇത്

തയ്യാറാക്കിയത്? ഇതനുസരിച്ചാണെങ്കിൽ ജോലിക്ക് പോകുന്ന ആളിനെ പോലീസിന് ഫൈൻ അടിക്കാം. അല്ലെങ്കിൽത്തന്നെ പോലീസിന് കോടിക്കണക്കിന് രൂപയുടെ ടാർജറ്റ് ഇട്ടുകൊടുത്തിരിക്കുകയാണ്. ഈ മാസം ഏതാണ്ട് 20 കോടിരൂപയുടെ ടാർജറ്റാണ് കൊടുത്തിരിക്കുന്നത്. ഓരോ ഉദ്യോഗസ്ഥനും ഇത് വീതംവച്ച് കൊടുക്കുകയാണ്. ഓരോ എസ്.എച്ച്.ഒ.-യും സി.ഐ.-യും ഇത് തികയ്ക്കാൻ വഴിയിൽ കാണുന്ന ആളുകളെ മുഴുവൻ ഫൈൻ അടിച്ചുകൊണ്ടിരിക്കുകയാണ്. 2000 രൂപ, 5000 രൂപ, 7000 രൂപ ഇങ്ങനെയാണ് ഫൈൻ അടിക്കുന്നത്. ഫൈൻ അടിക്കാനുള്ളൊരു വകുപ്പുതന്നെ ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. സർക്കാർ ഒരു ഉത്തരവ് ഇറക്കുമ്പോൾ കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതല്ലേ; ആളുകൾ ഇത് മിസ്യൂസ് ചെയ്യും. മാത്രമല്ല ഫൈനിന്റെ പ്രശ്നവുമുണ്ട്. കേരളം ഒരു ഫൈൻ സ്റ്റേറ്റായി മാറിയിരിക്കുകയാണ്. മുൻപ് സിങ്കപ്പൂരിനെക്കുറിച്ച് ഫൈൻ സിറ്റിയെന്ന് പറയുമായിരുന്നു. എല്ലാകാര്യങ്ങൾക്കും ഫൈൻ സിറ്റിയായിരുന്നു സിങ്കപ്പൂർ. ഇപ്പോൾ കേരളം ഫൈൻ സ്റ്റേറ്റായി മാറിയിരിക്കുകയാണ്. ഞാൻ ഇതിൽ ആരോഗ്യ വകുപ്പുമന്ത്രിയെയല്ല കുറ്റപ്പെടുത്തുന്നത്. ആരോഗ്യ വകുപ്പുമന്ത്രിയുടെ റൂൾ 300

പ്രകാരമുള്ള സ്റ്റേറ്റ്മെന്റിനെ ഞങ്ങൾ 100 ശതമാനവും സ്വാഗതം ചെയ്യുന്നു. അതിൽ ഒരു തെറ്റുമില്ല, വളരെ ശ്രദ്ധയോടുകൂടിയാണ് റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. പക്ഷേ റൂൾ 300 സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് ഉത്തരവ് ഇറക്കുമ്പോൾ അതിൽനിന്ന് കടകവിരുദ്ധമായ രീതിയൽ അതിന്റെ ടോണിന് വ്യത്യാസമുള്ള രീതിയിൽ ഉത്തരവ് ഇറക്കുന്നത് ഓർഡറിൽ അല്ലെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ നിർദ്ദേശം നമ്പർ 1 എ - സഭ നടക്കുന്ന സമയത്ത് മന്ത്രി പറയുന്നതിന് വ്യത്യസ്തമായ തീരുമാനമുണ്ടായാൽ അത് ഈ സഭയോടുള്ള അനാദരവാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ റൂൾ 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിന് വിരുദ്ധമായ ഒരു ഉത്തരവ് വരുമ്പോൾ നിർദ്ദേശം 1 എ പ്രകാരം ഈ സഭയോടുള്ള അനാദരവാണ്. ആ ഉദ്യോഗസ്ഥന്മാർക്ക് എതിരെ നടപടിയുണ്ടാകണം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, റൂൾ 300 സ്റ്റേറ്റ്മെന്റിന്മേൽ ചർച്ചയില്ല. ഇവിടെ രണ്ടുപേരും പറഞ്ഞകാര്യം ഞാൻ ആവർത്തിക്കുന്നില്ല.

മന്ത്രി സഭയിൽ പറഞ്ഞതിന് വിരുദ്ധമായി ഒരു ഉത്തരവിറങ്ങി. ഒന്നുകിൽ മന്ത്രി സ്റ്റേറ്റ്മെന്റ് തിരുത്തണം. അല്ലെങ്കിൽ ചീഫ് സെക്രട്ടറി തിരുത്തണം. ഇക്കാര്യത്തിൽ വ്യക്തമായൊരു വിശദീകരണം ലഭിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ  ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇന്നലെ സഭയിൽ ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയും സർക്കാർ പുറപ്പെടുവിച്ച ഉത്തരവും തമ്മിൽ വ്യത്യാസങ്ങൾ/വൈരുദ്ധ്യങ്ങൾ ഉണ്ടെന്നുള്ളതാണ്. ചട്ടം 300 പ്രകാരം ഒരു പൊതുപ്രാധാന്യമർഹിക്കുന്ന വിഷയമെന്ന നിലയിലാണ് സഭയിൽ പ്രസ്താവന നടത്തിയത്. സർക്കാരിന്റെ ഒരു പൊതു സമീപനമാണ് ഇത്. ഈ പൊതു സമീപനമാണ് സഭയിൽ അവതരിപ്പിച്ചത്. അവതരിപ്പിച്ച ഈ പ്രസ്താവന പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ വൈരുദ്ധ്യങ്ങളില്ല എന്നുള്ളതാണ് സഭയെ അറിയിക്കാനുള്ളത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇപ്പോൾ പ്രശ്നം ഗൗരവമുള്ളതായി ....(ബഹളം )....

<u>മി. സ്പീക്കർ</u>: മന്ത്രി വിശദീകരിച്ചല്ലോ. ...(ബഹളം)....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ക്ലിയറാണ്. അതായത് 300 സ്റ്റേറ്റ്മെന്റിൽ പറയുന്ന കാര്യത്തിന് വിരുദ്ധമാണ് ഞാൻ ആദ്യം ഉന്നയിച്ച പോയിന്റ്. രണ്ടാമത് വായിച്ചത്, ആർക്കെല്ലാം പുറത്തിറങ്ങാമെന്നുള്ളത് സംബന്ധിച്ച് ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റിൽ ഒന്നും പറഞ്ഞിട്ടില്ല. സ്റ്റേറ്റ്മെന്റിൽ പറയാത്ത കാര്യങ്ങൾകൂടി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇതൊരു പൊതുരീതിയിൽ മാത്രമല്ല 300 സ്റ്റേറ്റ്മെന്റ്. അതൊരു ഫൈനൽ സ്റ്റേറ്റ്മെന്റാണ്. ഗവൺമെന്റിന്റെ പോളിസിയാണ് ഇക്കാര്യത്തെ വ്യക്തമാക്കുന്നത്. അതിനൊരു പൊതുസമീപനം നൽകുക എന്നുള്ളതല്ല. ഇത് ഗവൺമെന്റ് കാര്യങ്ങളാണ്. അല്ലെങ്കിൽ ഈ അഞ്ച് പേജ് കൊടുക്കേണ്ട കാര്യമില്ല. അഞ്ച് പേജുകളിലായി ഓരോ പാരഗ്രാഫിലും കൃത്യമായിട്ടുള്ള കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അതിന് വിരുദ്ധമായി ചീഫ് സെക്രട്ടറിക്ക് ഒരു ഉത്തരവ് ഇറക്കാൻ കഴിയുമോ; ഇതിനൊരു നിയമപ്രശ്നം കൂടിയുണ്ട്. സഭയുടെ ടേബിളിലാണ് ചട്ടം 300 അനുസരിച്ചുള്ള

പ്രസ്താവന വയ്ക്കുന്നത്. അതിന് വിരുദ്ധമായി ഒരു എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുന്നത് ഓർഡറിലാണോ? ....(ബഹളം )....

മി.സ്പീക്കർ: പ്രതിപക്ഷനേതാവ് പറഞ്ഞു കഴിഞ്ഞല്ലോ. ...(ബഹളം )....

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിന്റെ എസൻസും ഈ ഗവൺമെന്റ് ഓർഡറിലുള്ളതും തമ്മിൽ വൈരുദ്ധ്യമില്ല. It is better, അതാണ് നല്ലതെന്നുള്ള പൊതുസമീപനമാണ് പറഞ്ഞിട്ടുള്ളത്. ....(ബഹളം ).... അതിന്മേലുള്ള പ്രായോഗിക നിർദ്ദേശമാണ് ഈ ഉത്തരവിലുള്ളത്. ....(ബഹളം )....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി സ്റ്റേറ്റ്മെന്റ് തിരുത്തണം. ....(ബഹളം )....

ശ്രീമതി വീണാ ജോർജ്ജ്: സർ, ....(ബഹളം ).... വ്യത്യാസമില്ല.